**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1589** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തു കോവിഡ് മരണങ്ങൾ നിശ്ചയിക്കുന്നത് WHO, ICMR തുടങ്ങിയ ഏജൻസികളുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ എന്ന് വിശദമാക്കാമോ ; | (എ) | ലോകാരോഗ്യസംഘടനയുടെയും ICMR ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിച്ചു വരുന്നത്. മരണകാരണം കോവിഡ് മൂലമോ അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിക്കുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചികിത്സിച്ച ഡോക്ടറാണ് മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. ഇത് ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയത്. വീട്ടിൽവച്ച് മരണപ്പെടുന്നവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും ഓൺലൈൻ ആയി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. |
| (ബി) | WHO, ICMR തുടങ്ങിയ ഏജൻസികളുടെ മാനദണ്ഡങ്ങൾ പ്രകാരം ഒരു രോഗി മരിച്ചത് കോവിഡ് കാരണമാണോ അല്ലയോ എന്ന് സാക്ഷ്യപ്പെടുത്തേണ്ടത് രോഗിയെ ചികിൽസിച്ച ഡോക്ടറാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ ; | (ബി) | ലോകാരോഗ്യസംഘടനയുടെയും ICMR ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിച്ചു വരുന്നത്. മരണകാരണം കോവിഡ് മൂലമോ അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിക്കുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചികിത്സിച്ച ഡോക്ടറാണ് മരണകാരണം അടങ്ങിയ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. ഇത് ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയത്. വീട്ടിൽവച്ച് മരണപ്പെടുന്നവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും ഓൺലൈൻ ആയി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. |
| (സി) | സംസ്ഥാന തലത്തിൽ കോവിഡ് മരണങ്ങൾ തീരുമാനിക്കാൻ സംസ്ഥാന സർക്കാർ അവലംബിച്ച രീതി WHO, ICMR തുടങ്ങിയ ഏജൻസികളുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിരുന്നോ എന്ന് വ്യക്തമാക്കുമോ ; | (സി) | ലോകാരോഗ്യസംഘടനയുടെയും ICMR ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിച്ചു വരുന്നത്. മരണകാരണം കോവിഡ് മൂലമോ അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിക്കുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചികിത്സിച്ച ഡോക്ടറാണ് മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. ഇത് ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയത്. വീട്ടിൽവച്ച് മരണപ്പെടുന്നവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും ഓൺലൈൻ ആയി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. |
| (ഡി) | സംസ്ഥാനത്തെ കോവിഡ് മരണങ്ങൾ കുറച്ചു കാണിച്ചത് കാരണം അർഹരായ നിരവധി കുടുംബങ്ങൾക്ക് കോവിഡ് ധനസഹായം ലഭ്യമാക്കാൻ സാധിക്കുകയില്ല എന്ന പരാതി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ഡി) | കോവിഡ് രോഗികൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും യാതൊരുവിധ നിർദ്ദേശങ്ങളും ലഭ്യമായിട്ടില്ല. മാത്രമല്ല ഇതുവരെ ഡിക്ലയർ ചെയ്യപ്പെട്ടിട്ടുള്ള കോവിഡ് മരണങ്ങളുടെ സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഇ) | കോവിഡ് മരണങ്ങളുടെ കൃത്യമായ എണ്ണം നിർണ്ണയിക്കുവാൻ എന്ത് മാനദണ്ഡം സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഇ) | കോവിഡ് മരണങ്ങൾ WHO / ICMR എന്നിവരുടെ മാനദണ്ഡങ്ങൾ പ്രകാരമാണ് നിർണ്ണയിക്കുന്നത്. |

സെക്ഷൻ ഓഫീസർ